# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145


**പത്രക്കുറിപ്പ്** തീയതി: 13.01.2020

**കാട്ടുതീ പ്രതിരോധം ഊർജ്ജിതമാക്കും: വകുപ്പിന് പുതിയ ഫോറസ്റ്റ് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ**

സംസ്ഥാനത്ത് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനൊരുങ്ങി വനംവകുപ്പ്. ഇതിന്റെ ഭാഗമായി രണ്ട് ആധുനിക ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വകുപ്പ് സ്വന്തമാക്കി. വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് പരമ്പരാഗതമായി അനുവർത്തിച്ചുപോരുന്ന രീതികൾക്കൊപ്പം അത്യന്താധുനിക സംവിധാനങ്ങളുടെ സഹായം ഉപയോഗപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുമെന്ന് വനം മന്ത്രി അഡ്വ കെ രാജു പറഞ്ഞു. സെക്രട്ടേറിയറ്റ് അനക്സ് രണ്ടിൽ ഫയർ റെസ്പോണ്ടർ വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ വാഹനങ്ങൾ ഏറെ ഉപകാരപ്രദമാണ്. ഉൾവനങ്ങളിലേക്ക് പോലും കൂപ്പു റോഡുകളിലൂടെ വേഗത്തിലെത്തി അഗ്നി ശമന -പ്രതിരോധ പ്രവർത്തനങ്ങളിലും മറ്റു അനുബന്ധ രക്ഷാപ്രവർത്തനങ്ങളിലും ഏർപ്പെടാവുന്ന തരത്തിലുള്ള വാഹനങ്ങളാണിത്.രക്ഷാപ്രവർത്തർക്ക് ധരിക്കാവുന്ന ആധുനിക ഫയർസ്യൂട്ട് ,മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവ വാഹനങ്ങളിൽ സജ്ജമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പമ്പുകൾ ജലത്തെ ചെറുകണികകളാക്കി നൂറ് മീറ്ററിലേറെ ദൂരത്തേക്ക് തളിക്കുകയാണ് ചെയ്യുക. കാട്ടു തീ അണക്കുന്നതോടൊപ്പം അത്പടരുന്നത് തടയാനും ഇത് ഉപകരിക്കും,ജലാശയങ്ങിൽ നിന്ന് 100 മീറ്റർ ദൂരത്തേക്ക് നേരിട്ട് എത്ര സമയം വരെ വേണമെങ്കിലും പമ്പുചെയ്യാൻ സാധിക്കും. കൂടാതെ 450ലിറ്റർ വെള്ളം ശേഖരിച്ച് കൊണ്ടുപോകാവുന്ന ടാങ്കുകളും ഈ വാഹനങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്.

മരങ്ങൾ വീണ് കാട്ടുപാതകളിലുണ്ടാകുന്ന മാർഗതടസ്സം അടിയന്തിരമായി പരിഹരിക്കാൻ ഉതകുന്ന ഉപകരണങ്ങൾ, മനുഷ്യ വന്യജീവി സംഘർഷം നിലനിൽക്കുന്ന സ്ഥലങ്ങളിൽ അവയെ കാട്ടിലേക്ക് തുരത്തുന്നതിന് ഉപയോഗപ്രദമായ സൈറൺ,പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനങ്ങൾ, കാട്ടിനുള്ളിൽ ദൂരേക്ക് ആവശ്യമായ വെളിച്ചം ലഭ്യമാക്കുന്നതിനുള്ള സെർച്ച് ലൈറ്റുകൾ എന്നിവയും 59 ലക്ഷം രൂപ ചെലവിൽ വാങ്ങിയിട്ടുള്ള ഈ വാഹനങ്ങളിൽ ലഭ്യമാണ്.

അത്യുഷ്ണകാലത്ത് കോട്ടൂർ വയനാട് ആനപുനരധിവാസ കേന്ദ്രങ്ങളിൽ ആനകളെ തണുപ്പിക്കുന്നതിനും, ആദിവാസി കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിനും വന്യമൃഗങ്ങൾക്ക് ഉൾക്കാടുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനും ഈ വാഹനം ഉപയോഗിക്കാം.

ആദ്യഘട്ടത്തിൽ സെൻട്രൽ സർക്കിൾ തൃശ്ശൂർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട് എന്നിവിടിങ്ങളിലാണ് വാഹനങ്ങളുടെ സേവനം ലഭ്യമാക്കുക. വാഹനങ്ങളുടെ പ്രവർത്തന രീതിയെക്കുറിച്ച് വകുപ്പിലെ 30 വനസംരക്ഷണജിവനക്കാർക്ക് പരിശീലനം നൽകി കഴിഞ്ഞു. മുഴുവൻ വന സംരക്ഷണ ജീവനക്കാർക്കും ഇതിനാവശ്യമായ പരിശീലനം നൽകും. ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തിയ ശേഷം എല്ലാ ജില്ലകളിലും ഫോറസ്റ്റ് ഫയർ റെസ്പോണ്ടർ വാഹനങ്ങളുടെ സേവനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു. മുഖ്യ വനം മേധാവി പി കെ കേശവൻ, പി സി സി എഫ്മാരായ ദേവേന്ദ്രകുമാർ വർമ, ബെന്നിച്ചൻ തോമസ്, എ പി സി സി എഫ് മാരായ ഗോപാലകൃഷ്ണൻ, ഇ പ്രദീപ് കുമാർ, വി വി ഷാജിമോൻ തുടങ്ങി വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരും ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

**ലോഗോ പ്രകാശനം ക്യാപ്ഷൻ**

വനംവകുപ്പ് ആസ്ഥാനത്ത് ആലേഖനം ചെയ്ത പുതിയ ലോഗോ മുഖ്യ വനം മേധാവി പി കെ കേശവൻ പ്രകാശനം ചെയ്യുന്നു. പി സി സി എഫ് ദേവേന്ദ്ര കുമാർ വർമ, എ പി സി സി എഫ് ഇ പ്രദീപ് കുമാർ, വിവി ഷാജിമോൻ, സിസി എഫ്, പത്മാമൊഹന്തി, കെ വിജയനാന്ദൻ,ഖ്യാതി മാത്തുർ, ഐ സിദ്ദീഖ് തുടങ്ങിയവർ സമീപം

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ**